1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനകാര്യ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (*ശ്രീ. ആര്യാടൻ മുഹമ്മദ്*) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2005-ലെ കേരള ധനകാര്യ (9-ാം നമ്പർ) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിക്കുന്നു; ബിൽ പാസായിരിക്കുന്നു.

XIII. അവകാശലംഘന പ്രശ്നങ്ങൾ

(1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : പതിനൊന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ മാറാട് സംഭവം ഒത്തുതീർപ്പാക്കിയതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് 19-1-2004-ലെ നക്ഷത്രചിഹ്നമിട്ട 8-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടി മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ 5-5-2004-ൽ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഈ പ്രശ്നം വിശദമായി പരിശോധിക്കുകയുണ്ടായി. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 156 (ii) അനുസരിച്ച് അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് നടന്ന ഒരു പ്രത്യേക സംഗതിയെ സംബന്ധിച്ച് മാത്രമേ ഒരു അവകാശ ലംഘന പ്രശ്നം ഉന്നയിക്കാവു. 19-1-2004-ൽ ഉത്തരം നൽകിയ ഒരു വിഷയം സംബന്ധിച്ച് മൂന്നര മാസം കഴിഞ്ഞാണ് ശ്രീ. എം. വി. ജയരാജൻ അവകാശ ലംഘന നോട്ടീസ് നൽകിയിട്ടുള്ളത്. മാത്രവുമല്ല, പദാനുപദ സമാനമായിട്ടുള്ള ഉത്തരമല്ല എന്നല്ലാതെ ഉത്തരത്തിന്റെ അന്തഃസത്തയിൽ മാറാട് ഒത്തുതീർപ്പ് വ്യവസ്ഥകളുമായി മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ വ്യതിയാനങ്ങളില്ല. ഇക്കാരണ ങ്ങളാൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ നിയമന മാനദണ്ഡങ്ങളെ സംബന്ധിച്ച് ശ്രീ. വി. ചെന്താമരാക്ഷൻ ഉന്നയിച്ച 711-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയും ഇതേ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരിന് വേണ്ടി സമർപ്പിച്ച സത്യവാങ്മൂലത്തിലെ വിവരങ്ങളും പരസ്പര വിരുദ്ധമാണെന്നും അതിനാൽ സഭയെ തെറ്റിദ്ധരിപ്പിച്ചതിന് മുഖ്യമന്ത്രി ക്കെതിരെ അവകാശലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥി ച്ചുകൊണ്ട് ശ്രീ. പി. സി. ജോർജ് ഒരു നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രി നൽകിയ മറുപടിയിൽ ഏതു ഭാഗമാണ് പരസ്പര വിരുദ്ധമായിട്ടുള്ളതെന്നോ, സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനായി പറഞ്ഞിട്ടുള്ളതെന്നോ ശ്രീ. പി. സി. ജോർജ് തന്റെ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ പരസ്പര വിരുദ്ധമായ മറുപടിയാണ് മുഖ്യമന്ത്രി നൽകിയത് എന്ന് തെളിയിക്കുന്നതിന് സഹായകമായ എന്തെങ്കിലും കാര്യം നോട്ടീസിൽ ചൂണ്ടിക്കാണിച്ചിട്ടുമില്ല. ഇക്കാര ണങ്ങളാൽ ശ്രീ. പി. സി. ജോർജിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 12-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത 1660-ാം നമ്പർ ചോദ്യത്തിന്റെ എ. പിരിവിനും സി. പിരിവിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സത്യവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ടി. കെ. ദേവകുമാർ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഈ പ്രശ്നം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രി നൽകിയ മറുപടി സത്യവിരുദ്ധവും സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പി ക്കുന്നതുമാണെന്ന വാദം തെളിയിക്കുന്നതിനുള്ള രേഖകളൊന്നും നോട്ടീസിനോടൊപ്പം നൽകിയിട്ടില്ല. ഇക്കാരണത്താൽ ശ്രീ. ടി. കെ. ദേവകുമാറിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ കടബാദ്ധ്യതയുള്ള കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച് ബഹു. കൃഷി വകുപ്പുമന്ത്രി 7-7-2004-ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയും, 30-6-2004-ലെ 412-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ രേഖാമൂലമുള്ള മറുപടിയും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും വാസ്തവ വിരുദ്ധവുമാണെന്നും ആരോപിച്ചുകൊണ്ട് കൃഷി വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം.വി. ജയരാജൻ ഒരു നോട്ടീസ് നല്കിയിരുന്നു.

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിച്ചു എന്നു കണക്കാക്കുവാൻ ശ്രീ. എം.വി. ജയരാജൻ ഹാജരാക്കിയ രേഖകൾകൊണ്ട് കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2003-2004 വർഷം പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ഈടാക്കിയ തുക എത്രയാണെന്നുള്ള 23-7-2004-ലെ നക്ഷത്രചിഹ്നമിട്ട 469-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നല്കിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും വാസ്തവ വിരുദ്ധവുമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ 28-7-2004-ൽ ഒരു നോട്ടീസ് നല്കിയിരുന്നു.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 155 അനുസരിച്ച് ഉന്നയിക്കപ്പെടുന്ന പ്രശ്നം ഒരു രേഖയെ അടിസ്ഥാനമാക്കിയുള്ളതാണെങ്കിൽ ആ രേഖയും നോട്ടീസിനോടൊപ്പം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ശ്രീ. എം. വി. ജയരാജൻ നല്കിയിട്ടുള്ള നോട്ടീസിനോടൊപ്പം അതിനാധാരമായി പറയുന്ന രേഖ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 31-1-2005-ന് അടിയന്തിര പ്രമേയത്തിന് അവതരണാനുമതി തേടി ശ്രീ. എ. കെ. ബാലൻ നടത്തിയ പ്രസംഗത്തിന് മറുപടിയായി ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന സത്യവിരുദ്ധവും നിയമസഭയേയും അംഗങ്ങളേയും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നാരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വി. ജയരാജൻ ഒരു നോട്ടീസ് നല്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിച്ചു. ലോട്ടറി വിൽപ്പനക്കാരുടേയും ഏജന്റുമാരുടേയും എണ്ണം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചതിൽ അവകാശലംഘന പ്രശ്നം ഉൾക്കൊള്ളുന്നതായി കരുതുന്നില്ല. കൂടാതെ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആരോപണം ലോട്ടറി ഡയറക്ടറെ തൽസ്ഥാനത്തുനിന്നും മാറ്റുന്നതിനു കാരണമായി ഒരു ഫയലിലെ കാര്യങ്ങൾ പൂർണ്ണമായും വിശദീകരിക്കാതെ ചില ഭാഗങ്ങൾ മാത്രം ഉദ്ധരിച്ച് സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ചു എന്നതാണ്. ഇത് തെളിയിക്കുന്ന രേഖകളൊന്നും അംഗം ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(2) പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ചത്

2005 ഫെബ്രുവരി 4-ാം തീയതിയിലെ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ 2005-2006 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരണത്തെ തുടർന്ന് നിയമസഭാ കവാടത്തിന് മുമ്പിൽ നിയമസഭാ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ ബഡ്ജറ്റിന്റെ കോപ്പി കത്തിച്ചതിനെ അടിസ്ഥാനമാക്കി അസോസിയേഷന്റെ ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ഫോട്ടോയിൽ കാണുന്ന തിരിച്ചറിയാവുന്ന മറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കെ. എ. ചന്ദ്രൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസ് ചെയർ വിശദമായി പരിശോധിച്ചു.

നിയമസഭയുടെ ഒരു രേഖ നിയമസഭാ പരിസരത്ത് വച്ചുതന്നെ കത്തിച്ചത് പ്രഥമദൃഷ്ട്യാ നിയമസഭയുടേയും സ്പീക്കറുടേയും അവകാശങ്ങളുടെ ലംഘനമാണെന്ന് ചെയർ കരുതുന്നു. അതിനാൽ ഈ വിഷയം കൂടുതൽ അന്വേഷണത്തിനും റിപ്പോർട്ടിനുമായി നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 159-ാം ചട്ടപ്രകാരം പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതിക്ക് അയയ്ക്കുന്നു.

(3) ചെയറിന്റെ പരിഗണനയിലിരിക്കുന്നവ

ശ്രീ. ആര്യാടൻ മുഹമ്മദ് എം.എൽ.എ. 26-7-2004-ൽ അടിയന്തിര പ്രമേയത്തോട് അനുബന്ധിച്ച് നിയമസഭയിൽ ചെയ്ത പ്രസംഗത്തെപ്പറ്റി തെറ്റിദ്ധാരണ പരത്തുന്നതിനും ശ്രീ. ആര്യാടൻ മുഹമ്മദിനെ അവഹേളിക്കുന്നതിനും വേണ്ടി പത്രസമ്മേളനം നടത്തി എന്നാരോപിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly